(ബി) ഗ്രാമസഭകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാമയാത്രകൾ നടത്തുന്നത്. ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഇതു കൈവരിക്കുന്നതിനായി ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) 30 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഗ്രാമയാത്ര പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെയാണ് ടി മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ ഗ്രാമയാത്ര നടത്തുന്നത്. ആയതിനാൽ ഇതുവരെ ഗ്രാമയാത്ര പൂർത്തിയായ 30 മണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്ര പദ്ധതി പൂർത്തിയായി.

(ഡി) ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഞ്ച് സെന്റിൽ കുറവുള്ള ഭൂമിയിലെ ഗൃഹനിർമ്മാണം

265 (3552) ശ്രീ. പി. ഉബൈദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ തരവും അവസ്ഥയും മനസ്സിലാക്കാതെയും നിയമത്തെക്കുറിച്ചുള്ള അജ്ഞതയും കാരണം അഞ്ച് സെൻറിൽ താഴെ ഭൂമി വാങ്ങി ഗൃഹ നിർമ്മാണം തുടങ്ങിയവർ അനുമതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസ്സുകളിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് വീട് നിർമ്മാണത്തിന് എത്രയുംവേഗം അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 125 ച.മീറ്ററിൽ കുറവുള്ള സ്ഥലത്ത് നടത്തുന്ന നിർമ്മാണങ്ങൾക്ക് ഇളവുകൾ നൽകുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കെട്ടിടനിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും, വീടുകൾ, ഫ്ലാറ്റുകൾ, കടമുറികൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് 3-11-2007, 27-11-2013 എന്നീ തീയതികളിലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പത്രമാധ്യമങ്ങളിലും, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly